അലഞ്ഞു നടക്കുന്ന നായ്ക്കളുടെയും പേപ്പട്ടികളുടെയും ശല്യം ഒഴിവാക്കാൻ നടപടി

1309. [1779] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെയും പേപ്പട്ടികളുടെയും ശല്യം ഒഴിവാക്കുന്നതിന് പഞ്ചായത്തുകളിൽനിന്നും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്.

(ബി) പഞ്ചായത്തുകളിൽ സ്പെഷ്യൽ ഓഫീസർമാരുടെ ഭരണം ഏർപ്പെടുത്തിയതിനുശേഷം ഇതിന് യാതൊരുവിധ നടപടിയും കൈക്കൊണ്ടിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനുവേണ്ടിവരുന്ന ഫണ്ട് മിക്ക പഞ്ചായത്തുകൾക്കും ഇല്ലെന്നുള്ള കാര്യം ഗവൺമെന്റിന് അറിയാമോ ;

(ഡി) എങ്കിൽ ഇത്തരം പഞ്ചായത്തുകൾക്ക് ഈ ആവശ്യത്തിന് വേണ്ടുന്ന തുക ഗ്രാന്റായി അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് ഫണ്ടിൽനിന്നും തുക ചെലവ് ചെയ്ത് അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളേയും പേപ്പട്ടികളേയും പിടിച്ച് നശിപ്പിക്കുന്നതിനുള്ള നടപടികളെടുക്കുന്നുണ്ട്.

(ബി) ഇല്ല.

(സി,ഡി) ഇത്തരം പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന തുക അതാതു ഡെപ്യൂട്ടി ഡയറക്ടർമാർ അനുവദിക്കാറുണ്ട്.

കോർപ്പറേഷനുകൾക്ക് സ്പെഷ്യൽ ഗ്രാന്റ്

1310. [1780] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 3 സിറ്റി കോർപ്പറേഷനുകളിൽ ഏതിനെങ്കിലും സ്പെഷ്യൽ ഗ്രാന്റ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ അതിർത്തിയിലുള്ള കോർപ്പറേഷൻ വക റോഡുകളുടെ ശോചനീയമായ അവസ്ഥ പരിഗണിച്ച് അവ നന്നാക്കുന്നതിനും, ആവശ്യമായ സ്ഥലങ്ങളിൽ ഓട നിർമ്മിക്കുന്നതിനും, സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം കോർപ്പറേഷന് 1978-79 കാലത്ത് 10 ലക്ഷം രൂപ ഫ്ളഡ് റിലീഫിനായി നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽനിന്നും സഹായധനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly